"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ നരിക്കിലാപ്പുഴ വാട്ടർബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട VC 16/2014/KKD നമ്പർ വിജിലൻസ് കേസിലെ കണ്ടെത്തലുകൾ, ശിപാർശകൾ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു (PEN-440075), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു എന്നിവർക്കതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1583/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-

1. വിജിലൻസ് (ഇ) വകുപ്പിന്റെ 22.11.2018-ലെ വിജി-ഇ3/542/2018-വിജി നമ്പർ കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.10.2018-ലെ ഇ14(വി.സി.16/14/കെ.കെ.ഡി.) 472/15 നമ്പർ കത്ത്
3. 01.04.2019-ലെ 132/EW2/18/LSGD നമ്പർ കുറ്റപത്രം /കുറ്റാരോപണപത്രിക, കാരണം കാണിക്കൽ നോട്ടീസ്
4. ചീഫ് എഞ്ചിനീയറുടെ 31.05.2019-ലെ ഇ12-5283/ 2019/സി.ഇ./ത.സ്വ.ഭ.വ. നമ്പർ നോട്ടീസ്
5. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യൂ 25.06.2019 തീയതിയായി സമർപ്പിച്ച മറുപടി
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു 01.07.2019 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
7. ചീഫ് എഞ്ചിനീയറുടെ 14.05.2020-ലെ ഇ12-5283/ 19/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്
8. സ.ഉ. (സാധാ) നം. 1707/2021/ത.സ്വ.ഭ.വ. തീയതി 08.09.2021
9. 16.10.2021 തീയതിയായി ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട്
10. 24.02.2025-ലെ EW2/132/2018-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
11. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു 16.04.2025 തീയതിയായി സമർപ്പിച്ച മറുപടി
12. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യൂ സമർപ്പിച്ച മറുപടി
13. 25.09.2025-ലെ EWA2/65/2025-LSGD നമ്പർ സർക്കാർ കത്ത്

14. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 15.07.2026-ലെ A1-3/54/2025-KPSC നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ നരിക്കിലാപ്പുഴ വാട്ടർബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത VC-16/2014/KKD നമ്പർ വിജിലൻസ് കേസിന്റെ വസ്തുതാ റിപ്പോർട്ട് പരാമർശം (1), (2) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന ലഭ്യമാക്കി. വസ്തുതാ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:-

i. The volume of admitted dry rubble mansonry of super structure for payment as per M books is 990.43 m3 and an excess payment of Rs. 1,11,966.58/- has made to the contractor for unexecuted DR of 75.551m3@1482/ m3.

ii. The payment for extra item 2 of Rs. 4,21,875/- to the contractor without recording pre-measurement of provided M- sand for filling of the voids of DR masonry foundation and its application is suspicious.

iii. The disposal of excavated earth of 3071 m3 costing 137/m3 x 3071m3 = Rs. 4,20,727/- by contractor on free of cost and payment of Rs. 4,93,567.14/- for red earth to the contractor under the head of back filling (item No.10) is irregular and suspicious.

iv. Executed item No.8, removal of silt and earth from lake - the quantity claimed as per final bill is 5130 m3 but the actual quantity comes to 4946.781 m3. Payment of an amount of Rs. 22,682.63 seen made to the contractor in excess.

v. In Schedule, item No.4, earth excavation for retaining wall abutting the quantity of earthwork has already covered by levels and claimed a quantity of 2139.27 m3 of earthwork in this item is seen as duplication. Therefore payment for 2139.27 $m^3$ under item 4 @ Rs.1113/10$m^3$ = Rs.2,38,100/- is an excess payment to the contractor.

vi. The excess payment made for constructing cross bund in quarry muck instead of red earth costing Rs. 2,13,618.38/-

is a loss to the state exchequer.

vii. Lack of foresight and commitment has tarnished the fate of the much-published Narikkilapuzha Water Body Project of Perambra Block Panchayath The water body was situated at Eravattoor and was a major attraction to local people as water source. Families in and around this lake used the same as a source of water. More over, the screw pines thrived at the site was a means of livelihood for certain category of people of the vicinity. The project was launched with much scope for rural tourism and as a source of water. But the renovation works were not succeeded as it was projected. This ruined the natural beauty and also the source of water. This created a mass protest from the local people against the project.

2. VC-16/2014/KKD നമ്പർ വിജിലൻസ് കേസിന്റെ വസ്തുതാ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും വിജിലൻസ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, കുറ്റാരോപിതരായ മുൻ അസിസ്റ്റന്റ് എഞ്ചിനീയറും നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ശ്രീമതി ചിത്രാ വാസു (PEN-440075)-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരവും റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു-നെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(ബി) പ്രകാരവും അച്ചടക്കനടപടി ആരംഭിച്ച് യഥാക്രമം പരാമർശം (3) കുറ്റപത്രം , കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകി. കൂടാതെ, സർക്കാരിനുണ്ടായ നഷ്ടമായ 4,21,875/- രൂപയുടെ 30.04.2019 വരെയുള്ള 18% പലിശ സഹിതം ആകെ 8,83,828/- രൂപയുടെ ആനുപാതിക വിഹിതമായ 4,41,914/- (നാല് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി തൊള്ളായിരത്തി പതിനാല് രൂപ) രൂപ അടവാക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു-ന് ചീഫ് എഞ്ചിനീയർ പരാമർശം (4) നോട്ടീസ് നൽകി. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു-ൽ നിന്ന് റവന്യൂ റിക്കവറി മുഖേന നഷ്ടത്തുക ഈടാക്കുന്നതിനായുള്ള നടപടികളും ചീഫ് എഞ്ചിനീയർ ആരംഭിച്ചു.

3. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു ലഭ്യമാക്കിയ പരാമർശം (5) മറുപടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു ലഭ്യമാക്കിയ പരാമർശം (6) പ്രതിവാദപത്രിക എന്നിവയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ, ആയതിൽ ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയർ പരാമർശം (7) പ്രകാരം ലഭ്യമാക്കിയ അഭിപ്രായം എന്നിവ ചുവടെ ചേർക്കുന്നു:-

i. മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസുവിന്റെ പ്രതിവാദപത്രിക പരിശോധിച്ചതിൽ, കുളത്തിൽ വെള്ളം നിറഞ്ഞ് കിടന്നിരുന്ന സമയത്താണ് വിജിലൻസ് DR Masonry-യുടെ അളവുകൾ പരിശോധിച്ചതെന്നും ടി സമയത്ത് കൃത്യമായ അളവുകൾ എടുക്കുക പ്രായോഗികമല്ല എന്നും അളവിലെ ചെറിയ വ്യത്യാസം ആകെ അളവിൽ വലിയ വ്യത്യാസം വരുത്താൻ ഇടയാക്കും എന്നും ടിയാൾ ബോധിപ്പിച്ചിരിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ii. എം. സാന്റിന്റെ premeasurement രേഖപ്പെടുത്താതിരുന്നത് സൈറ്റിൽ സ്റ്റോക്ക് ചെയ്യാൻ സ്ഥലം ലഭ്യമാകാത്തതിനാലാണ് എന്ന കുറ്റാരോപിതയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. നടപടിക്രമത്തിൽ പിശക് സംഭവിച്ചതാണ് എന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരിക്കുന്നു.

iii. പ്രതിവാദപത്രികയിൽ പറഞ്ഞിരിക്കുന്നത് കുഴിച്ചെടുത്ത മണ്ണ് clay സ്വഭാവത്തിലുള്ളതായതിനാൽ retaing wall-ന്റെ പുറം ഫില്ലിംഗിന് ഉപയോഗയോഗ്യമല്ല എന്നാണ്. എന്നാൽ കുഴിച്ചെടുത്ത മണ്ണ് പുറം ഫില്ലിംഗിന് ഉപയോഗയോഗ്യമല്ലാത്ത തരത്തിലുള്ളതാണെന്ന് പരിശോധിച്ച് അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തേണ്ടിയിരുന്നു. ആയതിനാൽ നടപടിക്രമത്തിൽ പിശക് സംഭവിച്ചതായി ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരിക്കുന്നു.

iv. Levels Quantity യിലുള്ള വ്യതിയാനം വ്യത്യസ്ത (Dumpy level & total station) Quantity കണ്ടുപിടിച്ചതിനാലാണ് എന്നാണ് പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിട്ടുള്ളത്. Total Quantity വച്ച് നോക്കുമ്പോൾ വ്യതിയാനം താരതമ്യേന കുറവായതിനാൽ (3.6) ടിയാളുടെ മറുപടി പരിഗണിക്കാവുന്നതാണ് എന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരിക്കുന്നു.

v. ക്രമക്കേട് 5 മായി ബന്ധപ്പെട്ട് പിശക് സംഭവിച്ചതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു ബോധിപ്പിച്ചിരിക്കുന്നു.

vi. സാങ്കേതിക അനുമതി ലഭ്യമായത് പ്രകാരമാണ് ring bund-ന് ക്വാറി മക്ക് ഉപയോഗിച്ചത് എന്ന മറുപടി പരിഗണിക്കാവുന്നതാണ് എന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരിക്കുന്നു.

vii. ടി പ്രവൃത്തി വിഭാവനം ചെയ്തതുപ്രകാരമുള്ള ലക്ഷ്യം കൈവരിച്ചിട്ടുള്ളതായും എന്നാൽ കൃത്യമായ തുടർപരിപാലനം നടത്തിയതായി കാണാനാകുന്നില്ല എന്നും സൈറ്റ് പരിശോധന നടത്തിയ കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ചീഫ് എൻജിനീയർ അറിയിച്ചിരിക്കുന്നു.

viii. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു ടിയാനെതിരായ ആരോപണങ്ങളിൽ രണ്ടാമത്തെ ആരോപണത്തിന് മാത്രമാണ് വിശദീകരണം നൽകിയിട്ടുള്ളതെന്നും DR foundation voids-ൽ നിറയ്ക്കാനുണ്ടായിരുന്ന എം.സാന്റിന്റെ പ്രീമെഷർമെന്റ് രേഖപ്പെടുത്താതിരുന്നത് സ്റ്റോക്ക് ചെയ്യാൻ സൈറ്റിൽ സ്ഥലമില്ലാത്തതിനാലാണെന്നുള്ള ടിയാന്റെ വാദം അംഗീകരിക്കാവുന്നതല്ല എന്നും ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

4. തുടർന്ന്, ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി മേൽവിഷയത്തിൽ

ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (8) പ്രകാരം ഉത്തരവായി. വർഷങ്ങൾക്കു മുമ്പേ നടപ്പിലാക്കിയ പ്രവൃത്തിയ്ക്ക് പരിശോധനാവേളയിൽ യാതൊരു കേടുപാടുകളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും പദ്ധതി നിർവ്വഹണസമയത്ത് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമീപവാസികൾക്കുണ്ടായ എതിർപ്പാണ് പദ്ധതി നിർവഹണത്തിൽ ക്രമക്കേടുണ്ടെന്ന് കാണിച്ച് വിജിലൻസിൽ പരാതി നൽകുവാൻ ഇടയാക്കിയതെന്നും ഇപ്പോൾ പ്രസ്തുത ജലാശയം പ്രദേശത്തുകാർക്ക് ഉപകാരപ്പെടുന്ന രീതിയിൽ ഒരു വലിയ ജലസംഭരണിയായി നിലനിൽക്കുന്നുവെന്നും 2018-ലെ പ്രളയത്തിൽ പോലും യാതൊരു കേടുപാടുകളും സംഭവിച്ചിട്ടില്ല എന്നതും പ്രസ്തുത പ്രവൃത്തി സ്ഥലത്തിന്റെ തരമനുസരിച്ച് എം.സാന്റ് ഫില്ലിംഗ്, DR foundation voids-ൽ ശരിയായവിധം ചെയ്യാത്തപക്ഷം ഉണ്ടായേക്കാവുന്ന യാതൊരുവിധ തകരാറുകളും സൈറ്റ് പരിശോധനാ സമയംവരെ ഇല്ല എന്നതും പ്രവൃത്തി ശരിയായവിധത്തിലാണ് ചെയ്തത് എന്ന് അനുമാനിക്കാവുന്ന ഘടകമാണെന്നും പ്രവൃത്തി നിർവ്വഹണം മൂലം പൊതുമുതൽ നഷ്ടപ്പെട്ടിട്ടില്ല എന്നും ഉദ്യോഗസ്ഥർക്ക് പ്രവൃത്തി നിർവ്വഹണവേളയിൽ procedural error ആണ് സംഭവിച്ചതെന്നും ആയതിനാൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (9) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. നടപടിക്രമങ്ങളുടെ ഭാഗമായി 05.04.2022-ൽ കുറ്റാരോപിതരെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. നേരിൽ കേട്ടവേളയിലും കുറ്റാരോപിതർ തങ്ങൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ പൂർണമായും നിഷേധിക്കുകയും കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് നൽകിയ റിപ്പോർട്ടിന്റേയും ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ തങ്ങളെ കുറ്റവിമുക്തരാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. വിജിലൻസ് റിപ്പോർട്ട്, പ്രതിവാദപത്രിക, കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി, ചീഫ് എഞ്ചിനീയറുടേയും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റേയും റിപ്പോർട്ടുകൾ, നേരിൽ കേട്ടവേളയിലെ വാദഗതികൾ എന്നിവ പരിശോധിക്കുമ്പോൾ, ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ 2018-ലെ പ്രളയത്തിൽ പോലും യാതൊരു കേടുപാടുകളും സംഭവിച്ചിട്ടില്ല എന്നതും പ്രസ്തുത പ്രവൃത്തി സ്ഥലത്തിന്റെ തരമനുസരിച്ച് എം.സാന്റ് ഫില്ലിംഗ് DR foundation voids-ൽ ശരിയായവിധം ചെയ്യാത്തപക്ഷം ഉണ്ടായേക്കാവുന്ന യാതൊരുവിധ തകരാറുകളും സൈറ്റ് പരിശോധനാ സമയംവരെ ഇല്ല എന്നതും പ്രവൃത്തി ശരിയായ വിധത്തിലാണ് ചെയ്തത് എന്ന് അനുമാനിക്കുന്ന ഘടകമാണെന്നും പ്രവൃത്തി നിർവഹണം മൂലം പൊതുമുതൽ നഷ്ടപ്പെട്ടിട്ടില്ല എന്നും ഉദ്യോഗസ്ഥർക്ക് പ്രവൃത്തി നിർവ്വഹണവേളയിൽ procedural error ആണ് സംഭവിച്ചതെന്ന വാദം പ്രവൃത്തി ശരിയായവിധമാണ് ചെയ്തതെന്ന് ചുവടെ പറയുന്ന കാരണങ്ങളാൽ അനുമാനിക്കാൻ കഴിയുന്നതല്ല (വിജിലൻസ് കണ്ടെത്തിയ 4-ാമത്തെ ക്രമക്കേടൊഴികെ) എന്ന് ഹിയറിങ് ഓഫീസർ കണ്ടെത്തിയിരിക്കുന്നു.

i. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ നരിക്കിലാപ്പുഴ വാട്ടർബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തി 13.12.2021-ൽ ആരംഭിച്ചു. M-book പ്രകാരം dry rubble masonry

യുടെ അളവ് 990.43 $m^3$-ഉം വിജിലൻസ് പരിശോധനയിൽ 914.879 $m^3$-ഉം ആണ്. പരാമർശ നിർമ്മാണത്തിന് ശേഷം ഒരു വർഷത്തിനുള്ളിലാണ് വിജിലൻസ് സംഘം പരിശോധന നടത്തിയിട്ടുള്ളത്. സമീപപ്രദേശങ്ങളിൽ നിന്നും Silt sedimentation-നുള്ള സാധ്യത കൂടുതലാണെന്നിരിക്കെ പോലും ഇത്രയും വ്യത്യാസം കണ്ടെത്തിയിട്ടുള്ളത് ഗുരുതര ക്രമക്കേടാണ്.

ii. Dry Rubble Masorry voids fill ചെയ്യുന്നതിനുള്ള M-Sand ന്റെ Pre-measurement രേഖപ്പെടുത്താത്തത് PWD Manual-ന് എതിരും ക്രമക്കേടുമാണ് സൂചിപ്പിക്കുന്നത്.

iii. Excavated earth ഉപയോഗപ്രദമാണോ അല്ലയോ എന്ന് പരിശോധിച്ച് എം.ബുക്കിൽ രേഖപ്പെടുത്താതിരുന്നത് കരാറുകാരനുമായുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് സൂചിപ്പിക്കുന്നത്.

iv. Levels Quantity-യിലുള്ള വ്യതിയാനം വ്യത്യസ്ത (Dumpy level & total station) ക്വാണ്ടിറ്റി കണ്ടുപിടിച്ചതിനാലാണെന്ന വാദം Total Quantity വച്ച് നോക്കുമ്പോൾ വ്യതിയാനം താരതമ്യേന കുറവായതിനാൽ (3.6) മറുപടി പരിഗണിക്കാവുന്നതാണെന്ന് കാണുന്നു.

v. ക്രമക്കേട് 5 മായി ബന്ധപ്പെട്ട് 2,38,100/- രൂപയുടെ നഷ്ടം പൊതുഖജനാവിന് ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത കുറ്റാരോപിത അംഗീകരിച്ചാൽകൂടി വിജിലൻസ് അന്വേഷണം നടത്തിയതുകൊണ്ട് മാത്രമാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്.

vi. Cross bund മാറ്റി Quarry Muck ഉപയോഗിച്ചതിനുള്ള മതിയായ കാരണം ബോധിപ്പിക്കുന്നതിൽ പരാജയപ്പെട്ടു.

6. മേൽകാരണങ്ങളാൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ നരിക്കിലാപ്പുഴ വാട്ടർബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ഗുരുതര ക്രമക്കേടുകൾക്ക് കുറ്റാരോപിതർ ഉത്തരവാദികളാണെന്ന് ഹിയറിങ് ഓഫീസർ അഭിപ്രായപ്പെട്ടു. തുടർന്ന്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസുവിനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിനും സേവനത്തിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. തോമസ് കെ. മാത്യുവിനെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(b) പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയുടെ ഭാഗമായുള്ള ശിക്ഷയായി ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിനും താൽക്കാലികമായി തീരുമാനം കൈക്കൊള്ളുകയും ആയത് അറിയിച്ചുകൊണ്ട് കുറ്റാരോപിതർക്ക് പരാമർശം (10) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

7. സർവീസിന്റെ തുടക്കകാലമായതിനാലുള്ള പരിചയക്കുറവ് കാരണം നടപടിക്രമങ്ങളിലുണ്ടായ പിശകാണ് എന്നതിനാൽ മനഃപൂർവമല്ലാത്ത തെറ്റ് മാപ്പാക്കി താത്കാലികതീരുമാനം സ്ഥിരപ്പെടുത്തരുതെന്ന് പരാമർശം (11) പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസുവും, സർക്കാരിനുണ്ടായ നഷ്ടമായ

4,21,875/- രൂപ ഒടുക്കിയിട്ടുണ്ടെന്നും ആയതിനാൽ തുടർഅച്ചടക്കനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും പരാമർശം (12) പ്രകാരം ശ്രീ. തോമസ് കെ. മാത്യുവും അഭ്യർഥിച്ചിരിക്കുന്നു. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് പുതിയ വാദങ്ങളൊന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി ചിത്രാ വാസു, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു എന്നിവർ ഉന്നയിച്ചിട്ടില്ല. സർക്കാരിനുണ്ടായ നഷ്ടം പലിശ സഹിതം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു എന്നിവർ ഒടുക്കിയിട്ടുണ്ട്.

8. തുടർന്ന്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയിൽ ടിയാളുടെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിനായി കൈക്കൊണ്ട താത്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അഭിപ്രായവും ഉപദേശവും പരാമർശം (13) പ്രകാരം ആരാഞ്ഞിരുന്നു. കേരള പബ്ലിക് സർവീസ് കമ്മീഷൻ പരാമർശം (14) പ്രകാരം സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

9 . മേൽസാഹചര്യത്തിൽ, കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ നരിക്കിലാപ്പുഴ വാട്ടർബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത VC-16/2014/KKD നമ്പർ വിജിലൻസ് കേസിന്റെ വസ്തുതാ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും വിജിലൻസ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ചിത്രാ വാസു (PEN-440075)-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (vA) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടും റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. തോമസ് കെ. മാത്യു-നെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(b) പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്തുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി ചിത്രാ വാസു (PEN-440075), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
2. തോമസ് കെ. മാത്യു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട), കളത്തിനാൽ ഹൗസ്, പാറമ്മൽ റോഡ്, മലാപറമ്പ് പി.ഒ, കോഴിക്കോട്-673009.

**(1, 2 ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് **(DPC ആവശ്യത്തിലേക്കായി)**
7. വിജിലൻസ് (ഇ) വകുപ്പ് (07.09.2024-ലെ E3/542/2018/Vigilance പ്രകാരം)
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EWA2/65/2025-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 22-08-2026
16:27:02

സെക്ഷൻ ഓഫീസർ